കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വേങ്ങര നിയോജകമണ്ഡലത്തിലെ ഊരകം, എ.ആർ. നഗർ, ഒതുക്കുങ്ങൽ എന്നീ ഗ്രാമ പഞ്ചായത്തുകളിലെ ഇരട്ട വീട്ടുകളായ എം.എൻ. ലക്ഷം വീടുകളെ ഒറ്റ വീട്ടുകളാക്കുന്ന പ്രവൃത്തി- അധിക തുക അനുവദിച്ച് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.605/2018/തസ്വഭവ    തിരുവനന്തപുരം, തീയതി, 03.03.2018.

---

വായന:-
1. G.O(RT) No. 1020/2016/LSGD dated 02/03/2016
2. G.O(RT) No. 52/2016/LSGD dated .06/01/2016
3. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, എം.പി. യുടെ 18/08/2016 ലെ കത്ത്
4. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 26/04/2017 ലെ ഡിബി4- 12437/16/സി ഇ/ തസ്വഭവ നം. കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ വേങ്ങര നിയോജകമണ്ഡലത്തിലെ എം.എൻ ലക്ഷം വീട്ട പദ്ധതി പ്രകാരമുള്ള ഇരട്ട വീട്ടുകൾ ഒറ്റ വീട്ടുകളാക്കി പുനർ നിർമിക്കുന്നതിന് 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിലെ ആസ്തി വികസന ഫണ്ടിൽനിന്നും ആകെ 3 കോടി 95 ലക്ഷം രൂപാ വായന (1), (2) സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ചിരുന്നു.

2. എന്നാൽ വേങ്ങര നിയോജകമണ്ഡലത്തിലെ ഊരകം, എ.ആർ നഗർ, ഒതുക്കുങ്ങൽ എന്നീ ഗ്രാമ പഞ്ചയാത്തുകളിലെ ഇരട്ട വീട്ടുകളായ എം.എൻ ലക്ഷം വീട്ടുകളെ ഒറ്റ വീട്ടുകളാക്കുന്നതിന് സ്ഥലം എം.എൽ.എ യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും 3.95 ലക്ഷം രൂപ അനുവദിച്ചിരുന്നുവെന്നും മേൽ വീട്ടുകളുടെ നിർമ്മാണത്തിന് ടി തുക അപര്യാപ്തമാണ് എന്നും ആയതിനാൽ 2,95,50,020/- രൂപ കൂടി അനുവദിക്കണമെന്ന് വായന(3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. എം.എൻ ലക്ഷം വീട് പദ്ധതിപ്രകാരം ഇരട്ട വീട് ഒറ്റ വീടാക്കുന്നതിന് എം.എൽ.എ മാരുടെ ആസ്തവികസന ഫണ്ടുപയോഗിച്ച് നിലവിലുള്ള നിരക്കിനേക്കാൾ കൂടുതൽ തുക അനുവദിക്കുന്നതിന് നിലവിൽ സർക്കാർ അനുമതി ഇല്ലാത്തതിനാൽ മുൻ എം.എൽ.എ ശ്രീ. പി.കെ. കുഞ്ഞാലികുട്ടിയുടെ അഭ്യർത്ഥന പ്രകാരം ഈ വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച് എം.എൽ.എ യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും പുതുക്കിയ നിരക്കിലുള്ള ധനസഹായം നൽകുന്നതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു

4. ഒതുക്കുങ്ങൽ, എ. ആർ. നഗർ, ഊരകം എന്നീ പഞ്ചായത്തുകളിൽ ഭരണാനുമതിയ്ക്ക് സമർപ്പിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന ഇലക്ട്രിഫിക്കേഷന്റെ തുക അപര്യാപ്തമായിരുന്നു എന്നും നിലത്ത് ടൈൽസ് വിരിക്കൽ, ടോയ്ലെറ്റിലെ ചുമരിൽ ടൈൽ പതിക്കൽ, ബെഡ്റൂം വാതിലുകൾ, ചുമർ പ്ലാസ്റ്ററിംഗ്, സെപ്റ്റിക്ടാങ്ക്, വാട്ടർ ടാങ്ക് എന്നീ ഇനങ്ങൾ 295 ലക്ഷം രൂപ ഭരണാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നുവെന്നും, കൂടാതെ 4 ലക്ഷം രൂപ നിരക്കിൽ നിർമ്മിക്കുന്ന എ.ആർ. നഗർ വീടിന്റെ പ്ലിന്ത് ഏരിയ 380 ചതുരശ്രയടി ആയിരുന്നു എന്നും, ആയത് മറ്റു വീട്ടുകളുടെ പ്ലിന്ത് ഏരിയയേക്കാൾ കുറവാണ് എന്നും സിൽക്ക് മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ വീട് ഒന്നിന് 7.91 ലക്ഷം രൂപ ചെലവ് വരുന്നു എന്നും ആയത് പ്രകാരം 68 വീട്ടുകൾക്ക് 7.91 ലക്ഷം രൂപ വച്ച് ആകെ 537.88 ലക്ഷം രൂപയ്ക്കാണ് മലപ്പുറം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ പുതുക്കിയ ഭരണാനുമതി ആവശ്യപ്പെട്ടിരിക്കുന്നത് എന്നും ആയതിനാൽ പുതുക്കിയ ഭരണാനുമതി നൽകുന്നതിന് തടസ്സമില്ല എന്നും വായന(4) പ്രകാരം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഈവിഷയം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ വേങ്ങര നിയോജകമണ്ഡലത്തിലെ ഊരകം, എ.ആർ. നഗർ, ഒതുക്കുങ്ങൽ എന്നീ ഗ്രാമ പഞ്ചായത്തുകളിലെ ഇരട്ട വീടുകളായ എം.എൻ. ലക്ഷം വീടുകളെ ഒറ്റ വീടുകളാക്കുന്ന പ്രവൃത്തി സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷനുമായി സംയോജിപ്പിച്ച് മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് അനുസരിച്ച് ഭവനിർമ്മാണം പൂർത്തിയാക്കുന്നതുൾപ്പെടെ പരമാവധി വ്യക്തിഗത ആനുകൂല്യം നാല് ലക്ഷം രൂപയിൽ കവിയാൻ പാടില്ലെന്ന നിബന്ധനയോടെ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നടപ്പിലാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

1) As per the current proposal, the total value of work is more than 5 crores and the centage charge proposed is @ 7.00%. But as per G.O(P) No.311/14/Fin. dated 30.07.2014, the centage charge admissible is @ 5.00% considering total cost of the project given to SILK.

2) The Service Tax @ 6.00% is included in the current proposal which is to be paid as per rules only.

3) Also, the centage charge is calculated for an amount including Service Tax which is not admissible. The centage charge shall be excluding the amount of Service Tax.

4) Contractor's Profit in rates is to be admissible only if the work is tendered transparently.

5) Reception of the items is to be avoided in the case of balance work.

6) The proposal contains LS provision for items like Electrification etc. Detailed estimates is to be prepared by competent authority and the execution of such items shall be as per T.S. from competent authority.

7) Items of works already executed by the Beneficiaries at their own cost is to be excluded from the proposal.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി എം.പി. (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, മലപ്പുറം ജില്ലാ പഞ്ചായത്ത്
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (1176/NC-C1/2017-Fin. പ്രകാരം)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ